കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# 2016-17കടലുണ്ടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പി.11/1635/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

e-mail:dokkd.ksad@kerala.gov.in
Phone – 0495 2371012

തിയ്യതി 11.08.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കടലുണ്ടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കടലുണ്ടി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷങ്ങളിലെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

കെ.എസ്.എ.കെ.കെ.ഡി. പി.11/1635/17 തീയതി 11.08.2017

# കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട്ജില്ലയിലെ കടലുണ്ടിഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.04.2016 മുതൽ 7.17 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് 28അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സി.രാജൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.07.17മുതൽ 10.07.17വരെ ചെലവ് ഓഡിറ്റ്<br>27.07.2017മുതൽ29 .07.2017 വരെ ഡി.സി. ബി.ഓഡിറ്റ് |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ഇന്ദുലേഖ.എ,ഓഡിറ്റ് ഓഫീസർ<br>(27.07.2017മുതൽ29 .07.2017 വരെ)<br>ശ്രീ.ഹരി.ഇ.വി,അസി.ഓഡിറ്റ് ഓഫീസർ<br>(04.07.17മുതൽ 10.07.17വരെ)<br>(27.07.2017മുതൽ29 .07.2017 വരെ)<br>ശ്രീ.ശ്യംജിത്ത്,അസി.ഓഡിറ്റ് ഓഫീസർ<br>(04.07.17മുതൽ 10.07.17വരെ)<br>(27.07.2017മുതൽ29 .07.2017 വരെ)<br>ശ്രീമതി.സി.നിമ്മി,സീനിയർ ഗ്രേഡ് ഓഡിറ്റർ<br>(04.07.17മുതൽ 10.07.17വരെ) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ഒ. ഭക്തവൽസലൻ | 1.04.16മുതൽ 31.03.17 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.സുമേഷ്.കെ | 1.04.16മുതൽ 31.03.17 വരെ |
| സ്റ്റാന്റിംഗ് കമ്മറ്റി അംഗങ്ങൾ | ശ്രീമതി.നിഷ.എം<br>ധനകാര്യം | 1.04.16മുതൽ 31.03.17 വരെ |
| | ശ്രീമതി.സിന്ധു പ്രദീപ്-ക്ഷേമകാര്യം | 1.04.16മുതൽ 31.03.17 വരെ |
| | ശ്രീ.പിലാക്കാട്ട് ഷൺമുഖൻ.<br>ആരോഗ്യവിദ്യാഭ്യാസം | 1.04.16മുതൽ 31.03.17 വരെ |
| | ശ്രീ.അജയകുമാർ സി.കെ-വികസനം | 1.04.16മുതൽ 31.03.17 വരെ |

(സി)മറ്റുനിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.പി.മുരളി<br>ശ്രീ .അബ്ദുൾ മുക്താദിർ, | 1.04.2016 മുതൽ<br>26.12.2017വരെ<br>27.12.2017മുതൽ31.03.17വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ഉഷാര.പി.ആർ | 1.04.2016മുതൽ 31.03.17വരെ |
| വെറ്റിനറി സർജൻ | ഡോ.നായർ ശ്രീഗീത ശ്രീധര | 1.04.2016മുതൽ 31.03.17വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ദിവ്യ. യു.കെ | 1.04.2016 മുതൽ 31.03.17വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.മിനി.കെ.സി | 1.04.2016 മുതൽ 31.03.17വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.വേലായുധൻ | 1.04.2016 മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച് .സി | ഡോ.നീത. ഗോപാൽ | 1.04.2016 മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.ഷാഹിദ.കെ.പി | 1.04.2016 മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.റീന | 1.04.2016 മുതൽ 31.03.17 വരെ |
| വി.ഇ.ഓ | ശ്രീമതി.ബിന്ദു സി.വി | 1.04.2016 മുതൽ 31.03.17 വരെ |
| ഡയറി ഫാം ഇൻസ്ടക്ടർ | ശ്രീമതി.ലാവണ്യ | 1.04.2016 മുതൽ 31.03.17വരെ |
| ഫിഷറീസ് ഓഫീസർ | ശ്രീമതി.സന്ധ്യ | 1.04.2016 മുതൽ 31.03.17വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | പൊതുഅവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം 2 വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 1 | വാർഷിക കണക്ക് പരിശോധന | 2-1 |
| 2 | വസ്തു നികുതി നിർണ്ണയം- അവലോകനം | 2-2 |
| 3 | അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയും ചട്ടങ്ങൾക്ക് വിരുദ്ധമായും കെട്ടിട നിർമ്മാണ അനുമതി നൽകി. | 2-3-1 |
| 4 | സി.ആർ.സെഡ് നിയമങ്ങൾ പാലിക്കാതെ കെട്ടിട നിർമ്മാണ അനുമതി നൽകി. | 2-3-2 |
| 5 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 2-4 |
| 6 | ടെൻഡർ ഫോം വില, വാറ്റ് എന്നിവ സംബന്ധിച്ച് | 2-5 |
| 7 | ജങ്കാർ ലേലം – കരാർ വ്യവസ്ഥകൾ പാലിയ്ക്കുന്നതിൽ വീഴ്ച | 2-6 |
| 8 | ഇ.എം.എസ് ഭവനപദ്ധതി-തിരികെ ഈടാക്കിയ തുക നിശ്ചിത ഹെഡ്ഡിലേയ്ക്ക് തിരികെ അടവാക്കാത്തത് | 2-7 |
| ഭാഗം 3 ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 1 | വിവിധ പദ്ധതികൾ – നൽകിയ തുകയുടെ രശീതി, വിനിയോഗവിവരം എന്നിവ ലഭ്യമല്ല | 3-1 |
| 2 | പത്താം തരം തുല്യത പരീക്ഷ ഫീസ് – സാക്ഷരത മിഷനിൽ അടച്ച തുകയ്ക്ക് കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിച്ചില്ല. | 3-2 |
| 3 | ഐ.എ.വൈ വിഹിതം നൽകൽ – കൈമാറിയ തുകയ്ക്ക് കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിച്ചില്ല | 3-3 |
| 4 | എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് – പദ്ധതി നടപ്പാക്കിയതിലെ അപാകത | 3-4 |
| 5 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് – സംയുക്ത പരിശോധന നടത്തുന്നില്ല | 3-5 |
| 6 | തെരുവ് ടാപ്പുകളുടെ വെള്ളക്കരം – ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തുന്നില്ല. | 3-6 |
| 7 | എസ്.സി.യുവതീയുവാക്കൾക്ക് പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിംഗ് പ്രൊജക്ട് നടപ്പാക്കിയതിലെ അപാകത | 3-7 |
| 8 | കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ്ജ് തനത് ഫണ്ടിൽ നിന്നും അടയ്ക്കുന്നു. | 3-8 |

| | | |
|---|---|---|
| 9 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി – ഗുണഭോക്താക്കൾക്ക് കെട്ടിട നിർമ്മാണ അനുമതി ലഭിച്ചിട്ടില്ല. | 3-9 |
| 10 | കന്നുകുട്ടി പരിപാലന പദ്ധതി – കൈമാറിയ തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | 3-10 |
| 11 | മത്സ്യ തൊഴിലാളികൾക്ക് ഗിൽനെറ്റ്- ഗുണഭോക്തൃവിഹിതം വാങ്ങിയിട്ടും വല നൽകാനായില്ല | 3-11 |
| 12 | അന്യസംസ്ഥാന തൊഴിലാളികൾക്ക് ബോധവത്കരണം – മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 3-12 |
| 13 | പെയിൻ ആന്റ് പാലിയേറ്റീവ് പരിശീലനം – അധികം തുക വിനിയോഗിച്ചു. | 3-13 |
| 14 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതി – മരുന്നുകൾ ലഭിച്ചിട്ടില്ല | 3-14 |
| 15 | പി.എച്ച്.സി. സൗകര്യവികസനം – അപാകതകൾ | 3-15 |
| 16 | കാവുകളുടെ സംരക്ഷണം – ചെലവ് വിവരങ്ങൾ ലഭ്യമാക്കിയില്ല. | 3-16 |
| ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | ഡെപ്പോസിറ്റ് വവായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ്/ 28.03.17തിയതിയിലെ PR.NO.45/17 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കുറവ് | കൂടുതൽ | (+)/(-) |
| മുന്നിരിപ്പ് | 4200000 | 4121158 | 78842 | - | |
| വരവ് | 6700000 | 67139421 | 60579 | | |
| ആകെ | 71400000 | 71260579 | 139421 | | |
| ചെലവ് | 65100000 | 64930747 | 169253 | | |
| നീക്കിയിരിപ്പ് | 6300000 | 6329832 | | 29832 | |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 27.07.17 | ----- | --------- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 27.07,17 | അനുബന്ധം 1 കാണുക |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 4121158

വരവ് – 67139421

ആകെ – 71260579

ചെലവ് – 64930747

നീക്കിയിരിപ്പ് - 6329832

## 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (സാംഖ്യ എ. സി.ആർ പ്രകാരം)-

| ഫണ്ടിനം | തൻവർഷ വരവ് (ബജറ്റ് പ്രകാരം) | ചെലവ് |
|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 15158525 | 12772133 |
| വികസനഫണ്ട് എസ്.സി.പി. | 5486916 | 4008924 |

| | | |
|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | ------ | -------- |
| സംരക്ഷണഗ്രാന്റ് റോഡ് | 11325708 | 7019164 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 4172397 | 3369771 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8501674 | 4563451 |
| പെർഫോമൻസ് ഗ്രാന്റ് | 5143678 | 3022528 |

1-5 B ഫണ്ട് വിനിയോഗം ( റെസിപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| ഫണ്ടിനം | തുക | നീക്കിയിരിപ്പ് |
|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 12772133 | -- |
| വികസനഫണ്ട് എസ്.സി.പി. | 4008924 | --- |
| വികസനഫണ്ട് ടി.എസ്.പി. | -------- | -- |
| സംരക്ഷണഗ്രാന്റ് റോഡ് | 7019164 | --- |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3369771 | --- |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4563451 | ---- |
| പെർഫോമൻസ് ഗ്രാന്റ് | 3022528 | ---- |
| എം.എൻ.ആർ.ഇ.ജി.എസ്. | 3391 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 216 | 8,30,69,834 | 129 | 4,64,57,281 | 59 | 28 | 99.72 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 35ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5322603 | 7338769 | 2016166 | 38 |
| നികുതിയേതര വരവുകൾ | 1013533 | 1064548 | 51015 | 30 |
| മറ്റുവരവുകൾ | 169830 | 387200 | 217370 | 127 |
| ആകെ | 6505966 | 8790517 | 2284551 | 35 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 139929 | 107 |
| കർഷകതൊഴിലാളി പെൻഷൻ | 2777370 | 303 |
| വിധവാപെൻഷൻ | 15588900 | 1364 |
| വാർദ്ധക്യകാലപെൻഷൻ | 31849085 | 2432 |
| വികലാംഗപെൻഷൻ | 4547205 | 358 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2620060 | 245 |
| വിവാഹധനസഹായം | 360000 | 12 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.07.17 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 43,613രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഓഫീസ് ഉത്തരവുകൾ മുഖാന്തിരം വിവിധ സെക്ഷനുകളിലെ ജോലികളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു. വസ്തുനികുതി, തൊഴിൽ നികുതി സംബന്ധമായ രജിസ്റ്ററുകളും ശരിയായി തയ്യാറാക്കിയിട്ടുണ്ട്. വസ്തുനികുതി വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തി (മാപ്പിംഗ്)പൂർത്തിയായിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ആവർത്തനചെലവുകൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഏറ്റവും പുതിയ വിവരങ്ങൾ ചേർത്ത് കാലികമാക്കുന്നില്ല.

പഞ്ചായത്തിന്റെ പ്രധാനപ്പെട്ട തനത് വരുമാനമായ വസ്തുനികുതി പിരിവ് തൃപ്തികരമല്ല. വാർഷികകണക്കുകൾ പ്രകാരം 16-17 വർഷം വസ്തു നികുതിയിനത്തിൽ 19 ലക്ഷത്തോളം രൂപ കുടിശ്ശികയുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ നിന്ന് പെർമിറ്റ് എടുക്കുന്ന എല്ലാ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി നികുതി പരിധിയിൽ ഉൾപ്പെടുന്നു എന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല. വിശദാംശങ്ങൾ ചേർത്ത് പെർമിറ്റ് രജിസ്റ്റർ പൂർത്തീകരിക്കേണ്ടതാണ്.

തനതു ഫണ്ട് ചെലവുകൾ

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ ചെലവുകൾ പാസ്സാക്കുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി അധികൃതമാക്കിയിട്ടുമുണ്ട്.

തനതു ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. എങ്കിലും പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വാർഡ് തിരിച്ചുള്ള പട്ടിക, കൺസ്യൂമർ നമ്പർ, സപ്ലൈ ഏരിയ, വാർഡുകളിലെ ബൾബുകൾ/ റ്റ്യൂബ് ലൈറ്റുകൾ/ ഫ്ളൂറസെന്റ് ലാമ്പുകൾ/ സോഡിയം വേപ്പർ ലാമ്പുകൾ എന്നിവയുടെ എണ്ണം, താരീഫ് നിരക്ക്, കറന്റ് ചാർജ്ജ് എന്നിവയുടെ വിശദാംശങ്ങൾ സൂചിപ്പിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

മറ്റ് നിർവ്വഹണോദ്യോഗസ്ഥരായ അസി.എഞ്ചിനീയർ, കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, വി.ഇ.ഒ, ഹെഡ്മാസ്റ്റർ, മെഡിക്കൽ ഓഫീസർ എന്നിവരുടെ പ്രോജക്ട് ഫയലുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.7.2017 to21.07.2017 | -- | ---- |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.03.2003 | 1997-98 to 2001-02 | Mo.spl. .cell(HO)/IV /8A-418/906 |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കുപരിശോധന

1)വസ്തുനികുതി സഞ്ചയ പ്രകാരമുള്ള കണക്കുകളിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ ടാലിയാകുന്നില്ല. സാംഖ്യ പ്രകാരമുള്ള അരിയർ കണക്കുകളും ടാലിയാകുന്നില്ല.

2) എസ്.ബി.ടി ഇ-പെയ്മെന്റ് എന്ന് അക്കൗണ്ടിൽ 4519 രൂപ ബാങ്ക് ബുക്ക് പ്രകാരംനീക്കിയിരിപ്പുണ്ട്. എസ്.ബി.ടി ഇ-പെയ്മെന്റ് എന്ന് അക്കൗണ്ടിൽ സഞ്ചയയിൽ വരവ് കാണിക്കുന്ന തുകകൾ വളരെ വൈകിയാണ് പാസ് ബുക്കിൽ ക്രെഡിറ്റ് ആകുന്നത്.

3) പഞ്ചായത്തിലെ മുഴുവൻ ആസ്തികളും വാർഷിക ധനകാര്യ പത്രി കയിൽ ചേർത്തിട്ടില്ല. സാംഖ്യാധിഷ്ഠിത സമ്പ്രദായത്തിലേയ്ക്ക് മാറുന്ന തീയതി വരെ സൃഷ്ടിച്ച ആസ്തികളുടെ മൂല്യം ബാലൻസിലുൾപ്പെടുത്തിയിട്ടില്ല.

4) അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ് , നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.

## 2-2 വസ്തു നികുതി നിർണ്ണയം - അവലോകനം

2016-17 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിന്റെ വസ്തുനികുതി നിർണ്ണയം, വസ്തുനികുതി പരിഷ്കരണ നടപടികൾ എന്നിവ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2016-17 വർഷം ഗ്രാമ പഞ്ചായത്തിൽ സാംഖ്യ – സഞ്ചയ ഇന്റഗ്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. 2013-14 മുതലുള്ള വസ്തുനികുതി വിവരങ്ങൾ സഞ്ചയയിൽ ലഭ്യമാണ്. 2013-14 ന് മുമ്പുള്ള വസ്തുനികുതി വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്താത്തതിനാൽ 2013-14 ന് മുമ്പുള്ള കുടിശ്ശിക ഡിമാന്റ് ചെയ്യാനോ ഈടാക്കാനോ കഴിയാത്ത അവസ്ഥയാണ്. 2,000 ച . അടിക്കു മുകളിലുള്ള ഒരു കെട്ടിടത്തെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയതായി കണ്ടു. കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം നടത്തിയപ്പോൾ അവയ്ക്കു വരുത്തിയ ഘടനാപരമായ മാറ്റങ്ങൾ, കൂട്ടിച്ചേർക്കലുകൾ എന്നിവ ബന്ധപ്പെട്ട ജീവനക്കാർ ഫീൽഡ് പരിശോധന നടത്തി ഉറപ്പു വരുത്തിയിട്ടില്ല. കെട്ടിട ഉടമയിൽ നിന്നും ഫോറം നം. 6 ലഭ്യമാക്കി, ആയതിലെ വിവരങ്ങളെ അടിസ്ഥാനമാക്കിയാണ് വസ്തുനികുതി നിർണ്ണയം നടത്തിയത്. ഗ്രാമ പഞ്ചായത്തിൽ ബേസ് ഡാറ്റാ എൻട്രി പൂർത്തിയാക്കിയിട്ടുണ്ട്. 60 ച.അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ, ഉടമകളിൽ നിന്നും സത്യവാങ്മൂലം വാങ്ങിയ ശേഷമാണ് നികുതിയിൽ നിന്നും ഒഴിവാക്കിയത്. സഞ്ചയ ഡാറ്റാ എൻട്രി ആരംഭിച്ച് സാംഖ്യ സംയോജനം നടത്തുന്നത് വരെയുള്ള കാലയളവിലെ വിവിധ മാറ്റങ്ങൾ - ഓണർഷിപ്പ് മാറ്റം, നികുതി മാറ്റം, ഒക്കുപ്പൻസി മാറ്റം - എന്നിവ സഞ്ചയയിൽ വരുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വിമുക്ത ഭടൻമാർ എല്ലാ വർഷവും ഏപ്രിൽ 10 ന മുമ്പ് നികുതി ഒഴിവിന് അപേക്ഷ നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ സാംഖ്യ അടിസ്ഥാനപ്പെടുത്തിയുള്ള വാർഷിക കണക്കും സഞ്ചയ പ്രകാരമുള്ള ഡി.സി.ബി യും തമ്മിൽ കലക്ഷന്റെ കാര്യത്തിൽ 27,000/- രൂപയുടെ വ്യത്യാസമുണ്ട്. കലക്ഷനിലും പോസ്റ്റിംഗിലും സംഭവിച്ച അപാകതകൾ പരിഹരിച്ചാൽ മാത്രമേ മേൽ പ്രകാരമുള്ള വ്യത്യാസം പരിഹരിക്കപ്പെടുകയുള്ളൂ. ഈ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. പൊതു ഉപയോഗത്തിനായി നീക്കി വെച്ച ഭാഗങ്ങളെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുശാസിക്കും വിധം നികുതി നിർണ്ണയ വിധേയമാക്കിയിട്ടുണ്ട് എന്ന് ഗ്രാമ പഞ്ചായത്ത് ഉറപ്പു വരുത്തിയിട്ടില്ല. സഞ്ചയ കൃത്യമാക്കുന്നതിനുള്ള പരിഹാര

നടപടികൾ ( Discrepancy Solving Steps ) ഗ്രാമ പഞ്ചായത്ത് പൂർത്തിയാക്കിയിട്ടില്ല. നടപടികൾ അവശേഷിക്കുന്ന പ്രധാന അപാകതകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | അപാകതകളുടെ വിവരം | എണ്ണം |
|---|---|---|

| | | |
|---|---|---|
| 1 | Demand Duplication | 9 |
| 2 | Collection Mismatch – PDE | 9 |
| 3 | Collection Mismatch – Out Door | 62 |
| 4 | Collection Updated Without Receipt Details | 240 |
| 5 | Invalid Collection Year | 148 |
| 6 | Collection Updated Without Demand | 501 |
| 7 | Tax Exempted Building – Floor Area > 2000 sq.ft | 1 |

മേൽ പ്രകാരമുള്ള പരിഹാര നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ നികുതി കടിശ്ശികയുടെ കൃത്യമായ വിവരം ലഭ്യമല്ല. നികുതി കടിശ്ശികയുടെ കൃത്യമായ കണക്കുകൾ തയ്യാറാക്കപ്പെടുമ്പോൾ മുൻ വർഷങ്ങളിലെ വാർഷിക കണക്കുകൾ പ്രകാരം സാക്ഷ്യപ്പെടുത്തിയ കുടിശ്ശികയിൽ നിന്നും വ്യത്യാസം വരാവുന്നതാണ്.

## 2-3-1 അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയും ചട്ടങ്ങൾക്ക് വിരുദ്ധമായും കെട്ടിടനിർമ്മാണ അനുമതി നല്കി

2016 -17 വർഷത്തിൽ കടലുണ്ടി ഗ്രാമപഞ്ചായത്തിൽ നിന്നും നല്കിയ താഴെപ്പറയുന്ന കെട്ടിട നിർമ്മാണ അനുമതിയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

I

| | |
|---|---|
| കെട്ടിട നിർമ്മാണ അനുമതി നമ്പർ | BL 148 / 16-17 തിയ്യതി 23.12.16 |
| അപേക്ഷകൻ | മൊയ്തീൻ കുട്ടി ഹാജി മുതൽപേർ |
| കെട്ടിടത്തിന്റെ പ്ലിന്ത് വിസ്തീർണം | GF 309.37 $m^2$<br>FF 385.87$m^2$<br>SF 14.8 $m^2$<br>ആകെ 710.04 $m^2$ |
| കെട്ടിടത്തിന്റെ പ്ലോട്ട് വിസ്തീർണം | 19.28 സെന്റ് |
| കെട്ടിടത്തിന്റെ തരം | കമേഴ്സ്യൽ |
| പ്ലോട്ട് സ്ഥിതി ചെയ്യുന്നത് | റി - സർവ്വേ നമ്പർ 78/5D |
| പെർമിറ്റ് ഒപ്പിട്ട് നല്കിയത് | അബ്ദുൾ മുഖ്താതർ കെ.എം , സെക്രട്ടറി ഇൻ ചാർജ്ജ് |

II

| | |
|---|---|
| കെട്ടിട നിർമ്മാണ അനുമതി നമ്പർ | BL 54 / 16-17 തിയ്യതി 2.6.17 |
| അപേക്ഷകൻ | പ്രസിഡന്റ് , Thanmiyathul Islam Association<br>കോഴിക്കോട്. |

| | |
|---|---|
| കെട്ടിടത്തിന്റെ പ്ലിന്ത് വിസ്തീർണം | GF (Existing) 559.26 $m^2$<br>FF ( Existing) 557.28 $m^2$<br>SF (Existing ) 57.23 $m^2$<br>SF ( Proposed ) 557.28 $m^2$<br>TF (Proposed ) 38.35 $m^2$<br>ആകെ 1769.4 $m^2$ |
| കെട്ടിടത്തിന്റെ പ്ലോട്ട് വിസ്തീർണം | 2 ഏക്കർ 52 സെന്റ് |
| പ്ലോട്ട് സ്ഥിതി ചെയ്യുന്നത് | റി - സർവ്വേ നമ്പർ 23 / 9,10,11,12,13,16.17 |
| കെട്ടിടത്തിന്റെ തരം | വിദ്യാഭ്യാസപരം |
| അനുമതി ഒപ്പിട്ട് നല്കിയത് | ശ്രീ.എം.രാജീവൻ,സെക്രട്ടറി,കടലുണ്ടി ഗ്രാമപഞ്ചായത്ത്. |

III

| | |
|---|---|
| കെട്ടിട നിർമ്മാണ അനുമതി നമ്പർ | BL 446 / 15 – 16 തിയ്യതി 26.04.2016 |
| അപേക്ഷകൻ | ശ്രീനിവാസൻ അമ്പാളി , ശ്രീനിലയം ,കടലുണ്ടി |
| കെട്ടിടത്തിന്റെ പ്ലിന്ത് വിസ്തീർണം | GF 185.23 $m^2$<br>FF 262.73 $m^2$<br>SF (Stair) 19.71 $m^2$<br>ആകെ 467.67 $m^2$ |
| കെട്ടിടത്തിന്റെ പ്ലോട്ട് വിസ്തീർണം | 13.4 സെന്റ് |
| കെട്ടിടത്തിന്റെ പ്ലോട്ട് സ്ഥിതി ചെയ്യുന്നത് | റി സർവ്വേ നമ്പർ 244 / IC 2 |
| കെട്ടിടത്തിന്റെ തരം | കമേഴ്സ്യൽ |
| പെർമിറ്റ് ഒപ്പിട്ട് നല്കിയത് | ശ്രീ.മുരളി.പി , സെക്രട്ടറി ഇൻ ചാർജ് , കടലുണ്ടി ഗ്രാമപഞ്ചായത്ത്. |

ക്രമനമ്പർ I , III കമേഴ്സ്യൽ കെട്ടിടങ്ങൾ , തറനിരപ്പിന് മുകളിൽ രണ്ട് നിലയിൽ അധികം ഉള്ളവയാണ്. 2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ , ചട്ടം 58(12) പ്രകാരം ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ അഗ്നിശമനസേനാ ഡയറക്ടറുടെയോ അല്ലെങ്കിൽ ഇതിനായി അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നോ അംഗീകാര സാക്ഷ്യപത്രം ലഭിച്ച ശേഷമാണ് പെർമിറ്റ് നല്കേണ്ടത്. നടപടിക്രമം

പാലിച്ചതായി കാണുന്നില്ല. കൂടാതെ ചട്ടം 47 (b)പ്രകാരമുള്ള അഗ്നിരക്ഷ കോണിപ്പടിയും കെട്ടിടപ്ലാനിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഇത്തരം കോണിപ്പടികൾക്ക് വേണ്ടതായ സവിശേഷതകൾ ചട്ടം47(2) മുതൽ ചട്ടം 47(8) വരെ പ്രതിപാദിക്കുന്നുണ്ട്.

ക്രമനമ്പർ II പ്രകാരമുള്ള വിദ്യാഭ്യാസ കെട്ടിടത്തിന്റെ കാര്യത്തിൽ ചട്ടം 56(4) പ്രകാരമുള്ള , അഗ്നിശമന സേനാ ഡയറക്ടറിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് കെട്ടിടനിർമ്മാണ അനുമതി നല്കിയത്. കൂടാതെ ചട്ടം 47(b) പ്രകാരമുള്ള അഗ്നിസുരക്ഷാ കോണിപ്പടി കെട്ടിടപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

BL 176 / 11-12 കെട്ടിടനിർമ്മാണ അനുമതി പ്രകാരം നിർമ്മിച്ച 2 / 247 നമ്പർ കെട്ടിടത്തിന്റെ തുടർച്ചയായാണ് ഇപ്പോൾ കെട്ടിടം നിർമ്മിക്കുന്നതെന്ന് ഫയലിൽ നിന്നും മനസ്സിലാകുന്നു. ഇപ്പോഴത്തെ പ്ലാനിൽ കാണിച്ചിട്ടുള്ള നിലവിലുള്ള കെട്ടിടത്തിന്റെ GF, FF എന്നിവയുടെ വിസ്തീർണം യഥാക്രമം 559.26 എം2 , 557.28 എം$^2$ എന്നിങ്ങനെയാണ്. എന്നാൽ സഞ്ചയ രജിസ്റ്റർ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ Ground Floor , First Floor എന്നിവയുടെ വിസ്തീർണം 500 എം2 വീതമാണ്. ഇത് പിന്നീട് തിരുത്തിയാണ് കെട്ടിടത്തിന് Second Floor (Addition), Thid Floor എന്നിവ നിർമ്മിക്കുന്നതിന് ഇപ്പോൾ കെട്ടിടനിർമ്മാണാനുമതി നല്കിയതെന്ന് ഫയലിൽ കാണുന്നു. സഞ്ചയ രജിസ്റ്ററിൽ വിസ്തീർണം രേഖപ്പെടുത്തിയതിൽ വ്യത്യാസം ഉണ്ടാകാൻ ഇടയായ സാഹചര്യം വ്യക്തമല്ല. BL 176 / 11-12 നമ്പർ കെട്ടിടനിർമ്മാണ അനുമതി പരിശോധനക്ക് ലഭിച്ചിട്ടില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. BL 176 / 11- 12 നമ്പർ പെർമിറ്റ് പ്രകാരം അനുമതി നല്കിയ പ്ലിന്ത് വിസ്തീർണം എത്രയാണെന്നും നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിൽ പിന്നീട് അനധികൃത നിർമ്മാണം എന്തെങ്കിലും നടന്നിട്ടുണ്ടോ എന്നതും പരിശോധിച്ചതായി കാണുന്നില്ല.

വിശദീകരണം നല്കേണ്ടതാണ്.

## 2-3-2 CRZ നിയമങ്ങൾ പാലിക്കാതെ കെട്ടിടനിർമ്മാണ അനുമതി നല്കി

2016 – 17 വർഷത്തിൽ കടലുണ്ടി ഗ്രാമ പഞ്ചായത്തിൽ നിന്നും നല്കിയ താഴെപ്പറയുന്ന കെട്ടിട നിർമ്മാണ അനുമതിയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പെർമിറ്റ് നമ്പർ | BL 165 / 16-17 തിയ്യതി 10.3.2017 |
| അപേക്ഷകൻ | പ്രസിഡന്റ് , Thanmiyathul Islam Association, ചാലിയം. |
| കെട്ടിടത്തിന്റെ പ്ലിന്ത് വിസ്തീർണം | GF 249.52 $m^2$<br>FF 45.48 $m^2$<br>ആകെ : 295 $m^2$ |
| കെട്ടിടത്തിന്റെ തരം | വിദ്യാഭ്യാസപരം |
| പ്ലോട്ട് വിസ്തീർണം | 13.75 സെന്റ് |
| പ്ലോട്ട് സ്ഥിതി ചെയ്യുന്നത് | 22 / 7,8,9,10,11 |
| പെർമിറ്റ് ഒപ്പിട്ട് നല്കിയത് | ശ്രീ.എം.രാജീവൻ , സെക്രട്ടറി , കടലുണ്ടി ഗ്രാമപഞ്ചായത്ത്. |

പെർമിറ്റ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1. പെർമിറ്റ് അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാൻ പ്രകാരം കടൽ ഭിത്തിയിൽ നിന്നും 6 മീറ്റർ മാത്രം അകലെയാണ് കെട്ടിടത്തിന്റെ പ്ലോട്ട് സ്ഥിതി ചെയ്യുന്നത്. ഇവിടെ 2011 ലെ CRZ നിയമങ്ങൾ ബാധകമാണ്.എന്നാൽ 2011 ലെ Coastal Regulation Zone Notification ഖണ്ഡിക 4.2 ,26.01.2013 ലെ

1722/എ2/12/ ശാ.സാ.വ. നമ്പർ സർക്കുലർ , 9.9.2013 ലെ 55353 / ആർ.എ 1 / 2013 / തസ്വഭവ നമ്പർ സർക്കുലർ എന്നിവ പ്രകാരമുള്ള CRZ ക്ലിയറൻസ് ,Coastal Zone Management Authority യിൽ നിന്നും ലഭ്യമാക്കാതെയാണ് കെട്ടിട നിർമ്മാണത്തിന് അനുമതി നല്കിയത്.

നടപടി സാധൂകരിക്കുന്ന തരത്തിലുള്ള മറ്റെന്തെങ്കിലും സർക്കാർ ഉത്തരവുകൾ ലഭ്യമാണെങ്കിൽ പകർപ്പുകൾ ഹാജരാക്കേണ്ടതാണ്.

2. 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ , ചട്ടം 56 (2) (ii) പ്രകാരം വിദ്യാഭ്യാസ വിനിയോഗ ഗണത്തിൽ പെടുന്ന കെട്ടിടങ്ങൾക്ക് ഓരോ വശത്തും ഏറ്റവും ചുരുങ്ങിയത് 1.5 മീറ്ററോട് കൂടി ശരാശരി 2 മീറ്റർ പാർശ്വാങ്കണം വേണ്ടതാണ്. എന്നാൽ ഇവിടെ അപേക്ഷയോടൊപ്പമുള്ള പ്ലാൻ പ്രകാരം ഏറ്റവും ചുരുങ്ങിയ പാർശ്വാങ്കണം ഒരു വശത്ത് 1.3 മീറ്ററും മറുവശത്ത് 1.05 മീറ്ററും മാത്രമേ വരുന്നുള്ളൂ.

അപാകതകൾ വിശദീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ തൊഴിൽ നികുതി പിരിവിലെഅപാകതകൾ താഴെപ്പറയുന്നു.

1. പഞ്ചായത്തിൽ തൊഴിൽ നികുതി പിരിവ് സംബന്ധിച്ച സ്ഥാപന രജിസ്റ്റർ ( Instituition Register ) എഴുതി സൂക്ഷിക്കുന്നില്ല.

2. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2016-17 വർഷത്തിൽ തൊഴിൽ നികുതി പിരിച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1. | ഫെഡറൽ ബാങ്ക് , ചാലിയം | 2016-17 II |
| 2. | മണ്ണൂർ ക്ലിനിക് | 2016-17 II |
| 3. | മാവേലി സ്റ്റോർ , മണ്ണൂർ | 2016-17 II |
| 4. | നെക്സ്റ്റ് ഫൂട്ട് വെയർ , ചാലിയം | 2016-17 II |
| 5. | ശ്രീഹാൻസ് സെയിൽസ് ആൻഡ് സെർവ്വീസ് | 2016-17 II |
| 6. | കടലുണ്ടി ശ്രീദേവി എ.യു.പി.എസ് | 2016-17 I ,II |
| 7. | മാർവെൽ ഇൻഡ്യ ഫുട് വെയർ കമ്പനി | 2016-17 I , II |
| 8. | ശ്രീപതി ആയുർ ക്ലിനിക് | 2016-17 I , II |
| 9. | ജിത്ത് ഓഫ് സെറ്റ് പ്രസ് | 2016-17 I,II |

3. കരാറുകാരിൽ നിന്നും 2016-17 വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. എഞ്ചിനിയറിങ് സെക്ഷനിലെ 2016-17 ലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം കടലുണ്ടി പഞ്ചായത്തിൽ പൊതുമരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടത്തിയ കരാറുകാരുടെ ഏതാനും ഉദാഹരണങ്ങൾ താഴെപ്പറയുന്നു.

| ക്രമ നമ്പർ | കരാറുകാരൻ |
|---|---|
| 1. | മുഹമ്മദ് അബ്ദുൾ ജമാൽ .എ , ചാലിയം |
| 2. | പി. ഹസ്സൻകോയ , ചാലിയം |
| 3. | ടി.പി. റഫീഖ് റഹ്മാൻ ,കടലുണ്ടി |
| 4. | പി,വി.അബൂബക്കർ , കടലുണ്ടി |
| 5. | ഒ.വിശ്വനാഥൻ , കടലുണ്ടി |

അപാകതകൾ വിശദീകരിക്കേണ്ടതാണ്.

## 2-5 ടെൻഡർ ഫോം വില, വാറ്റ് എന്നിവ സംബന്ധിച്ച്

ഓഡിറ്റ് വർഷത്തിൽ ഇരുപതോളം പ്രവൃത്തികൾ ഇ ടെണ്ടർ നടത്തിയിട്ടുണ്ട് . മേൽ ടെണ്ടറുകളുടെ ടെണ്ടർ ഫോറം വില, വാറ്റിനത്തിലുള്ള തുക എന്നിവ നാളിതുവരെ സ്ഥാപനത്തിന് ലഭിച്ചിട്ടില്ല. ഇ ടെണ്ടർ ചെയ്യുമ്പോൾ ടെണ്ടർ ഫോറം വിലയും, വാറ്റിനത്തിലുള്ള തുകയും ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യപ്പെടുന്നത് .സമയബന്ധിതമായി ആവശ്യപ്പെടാത്തതിനാൽ ഈ ടെണ്ടറുകളുടെ തുക മേൽ അക്കൗണ്ടിൽ സൂക്ഷിച്ചിരിയ്ക്കുകയാണ് .തുക അടിയന്തിരമായി കൈപ്പറ്റേണ്ടതും, വാറ്റ് ഇനത്തിലുള്ളത് ഒടുക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 2-6 ജംഗാർ ലേലം- കരാർ വ്യവസ്ഥകൾ പാലിയ്ക്കുന്നതിൽ വീഴ്ച

2016-17സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള ചാലിയം-ബേപ്പൂർ കടത്തിൽ ജംഗാർ(സ്റ്റീൽ) ലേലം അനുവദിച്ചുനൽകിയത് മെസ്സേഴ്സ് കൊച്ചിൻ ക്രെയിൻ സർവ്വീസ് എന്ന സ്ഥാപനത്തിനായിരുന്നു. (ലേലതുക-80004കാലാവധി31.03.18)എന്നാൽ ലേലവുമായി ബന്ധപ്പെട്ട കരാർ നിബന്ധനകൾ ഒന്നും തന്നെ പാലിയ്ക്കാതെ യാണ് പ്രസ്തുത സ്ഥാപനം കടത്ത് നടത്തിക്കൊണ്ടിരുന്നതെന്ന് ലേലഫയൽ പരിശോധനയിൽ നിന്നും വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- ജംഗാറിന്റെ കപ്പാസിറ്റി (കയറാവുന്ന ആളുകൾ, വാഹനങ്ങൾ) യുമായി ബന്ധപ്പെട്ട കാര്യങ്ങൾ സൂചിപ്പിയ്ക്കുന്ന പോർട്ട് ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.
- പഞ്ചായത്തിന് ലേലം അംഗീകരിച്ച് അറിയിപ്പ് കിട്ടിയ തീയതി മുതൽ ഒരാഴ്ചയ്ക്കകം ലേലസംഖ്യയുടെ അനുവദനീയമായ തുകയ്ക്കുള്ള മുദ്രകടലാസിൽ ആവശ്യമായ എഗ്രിമെന്റ് ഒപ്പിട്ടുവാങ്ങേണ്ടതായിരുന്നു ആയത് ലഭ്യമാക്കിക്കാണുന്നില്ല.
- ജലഗതാഗതയാന പാത്രങ്ങളുടെ നിയമപ്രകാരവും മറ്റ് നിലവിലുള്ള നിയമപ്രകാരവും ജംഗാറിന് വേണ്ട സേഫ്റ്റിസംവിധാനങ്ങളും ഉപകരണങ്ങളും ലേലം കൊണ്ടസ്ഥാപനം എർപ്പെടുത്തേണ്ടതാണ്. ഇൻഷ്വർ ചെയ്യേണ്ട കാര്യങ്ങൾ ഇൻഷ്വർ ചെയ്തതായുള്ള രേഖകളും ലഭ്യമാക്കിയിട്ടില്ല.
- ജംഗാർ ജലഗതാഗതത്തിന് യോഗ്യമായതാണെന്നുള്ള സർട്ടിഫിക്കറ്റുകൾ, ഫിറ്റ്നെസ് എന്നിവ ബന്ധപ്പെട്ട് അധികൃതരിൽ നിന്നും ലേലം കൊണ്ടസ്ഥാപനം നേടിയിരിയ്ക്കേണ്ടതും ആയതുകളുടെ പകർപ്പ് സാക്ഷ്യപ്പെടുത്തി പഞ്ചായത്തിന് നൽകേണ്ടതും കാലാകാലങ്ങളിൽ ഫിറ്റനെസ്, മറ്റു സർട്ടിഫിക്കറ്റുകൾ എന്നിവ പഞ്ചായത്ത് അധികൃതർ പുതുക്കി വാങ്ങേണ്ടതുമാണ്.

  ആയവയും ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

ലേലം അംഗീകരിച്ച തുക ഈടാക്കുന്നതിൽ മാത്രമായിരുന്നു പഞ്ചായത്ത് അധികൃതർ ശ്രദ്ധ ചെലുത്തിയിരുന്നത്. നിലവിലുംജംഗാർ ലേലത്തിന്റെ കരാർ വ്യവസ്ഥകൾ പാലിയ്ക്കാതെ ജനങ്ങളുടെ ജീവനുപോലും ഭീഷണിയായി കടത്ത് നടത്തുന്നത് ഗൗരവമായ അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിയ്ക്കുന്നു.

## 2-7 ഇ.എം.എസ് ഭവനപദ്ധതി - തിരികെ ഈടാക്കിയ തുക നിശ്ചിത ഹെഡ്ഡിലേയ്ക്ക് തിരികെ അടവാക്കാത്തത്

വാർഷികകണക്കിൽ പഞ്ചായത്തിലെ ബാദ്ധ്യതകൾ സൂചിപ്പിയ്ക്കുന്ന പട്ടികയിൽ ( ബി-4 പത്രിക മറ്റു ബാദ്ധ്യതകൾ/സർക്കാറിലേയ്ക്ക് അടവാക്കാനുള്ളവ ) 76922 രൂപ മുൻവർഷങ്ങളിൽ ഉപയോഗിയ്ക്കാതെ അവശേഷിയ്ക്കുന്ന സർക്കാർ ഗ്രാന്റിനം എന്ന ഹെഡ്ഡിൽ സൂചിപ്പിച്ചിട്ടുണ്ട്. ആയത് ഇ.എം.എസ് ഭവനപദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് നൽകിയതും ഭവനനിർമ്മാണം പൂർത്തിയാക്കാത്തതിനാൽ തിരികെ ഈടാക്കിയതുമാണ്. ടി തുക റിക്കവറി ഓഫ് ഓവർപേയ്മെന്റ് (ROP-911)എന്ന ഹെഡ്ഡിൽ തുക ലഭ്യമാക്കിയ ഹെഡ്ഡിലേയ്ക്കു തന്നെ തിരികെ അടവാക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വിവിധ പദ്ധതികൾ - നല്കിയ തുകയുടെ രശീതി, വിനിയോഗവിവരം എന്നിവ ലഭ്യമല്ല.

ഓഡിറ്റ് വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾക്കായി ചെലവഴിച്ച തുകകളുടെ വിനിയോഗവിവരം ലഭ്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ പേര്, നം. | തുക | ഫണ്ട് | ബിൽ നം. , തീയതി |
|---|---|---|---|---|---|
| 1 | സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് | ഐ.കെ.എം - വിഹിതം നൽകൽ എസ്. 0067/17 | 63,024/- രൂപ | വികസനഫണ്ട് | ബിൽ നം. 14/16-17 തി.15.12.2016 |
| 2 | സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് | സാമൂഹ്യ സുരക്ഷാമിഷന് വിഹിതം നൽകൽ എസ്. 0251/17 | 3,30,467/- രൂപ | വികസനഫണ്ട് | ബിൽ നം. 26/16-17 തി. 30.3.2017 |

മേൽപ്രകാരം നൽകിയ തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നം. 1/2016-17 തീയതി. 7.7.2017 ) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ ഈയിനത്തിലുള്ള ചെലവു തുക തടസ്സപ്പെടുത്തുന്നു.

### 3-2 പത്താംതരം തുല്യത പരീക്ഷ ഫീസ് - സാക്ഷരത മിഷനിൽ അടച്ച തുകക്ക് കൈപ്പറ്റ് രശീത് , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിച്ചില്ല.

പത്താംതരം തുല്യത പരീക്ഷ ഫീസിനത്തിൽ ,25000 രൂപ 2016 – 17 വർഷത്തിൽ താഴെപ്പറയുന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ സാക്ഷരത മിഷനിൽ അടച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ.155 /17 |
| പ്രോജക്ടിന്റെ പേര് | പത്താംതരം തുല്യത പരീക്ഷ – ഫീസ് അടക്കൽ. |
| സാക്ഷരത മിഷനിൽ അടച്ച തുക | 25000 രൂപ |
| ട്രഷറി ബിൽ നമ്പർ | 520 / 26101112 തിയ്യതി 26.03.2017 |
| ഭരണാനുമതി | 202 / 16 തിയ്യതി 03.09.2016 |
| അംഗീകാരം നല്കിയത് | ശ്രീ.കൃഷ്ണകുമാർ,എ.ഇ.ഒ,ഫറോക്ക്. 28.09.2016 ലെ 3344 / 16 ഉത്തരവ് പ്രകാരം. |
| നിർവ്വഹണോദ്യോഗസ്ഥൻ | ശ്രീ.വേലായുധൻ.കെ.എം ,ഹെഡ്മാസ്റ്റർ , ജി.എൽ.പി.എസ് ചാലിയം. |

ജില്ലാ സാക്ഷരത മിഷൻ പ്രോജക്ട് കോർഡിനേറ്ററുടെ 8.2.2017 ലെ എ6 / 2916 / 16 / കേരള സാക്ഷരത മിഷൻ നമ്പർ കത്ത് , ജില്ല സാക്ഷരത മിഷന്റെ 10.03.2017 ലെ DLM/KKD/Pr/001 കത്ത് എന്നിവ പ്രകാരമാണ് തുക അടച്ചത്. കേരള സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടറുടെ 57026996123 നമ്പർ എസ്.ബി.ടി അക്കൗണ്ടിലേക്കാണ് തുക അടച്ചത്. എന്നാൽ ഈ തുകക്ക് കൈപ്പറ്റ് രശീത് , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിച്ചിട്ടില്ല.അപാകത വിശദീകരിക്കേണ്ടതാണ്. 25000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-3 ഐ.എ.വൈ വിഹിതം നല്കൽ - കൈമാറിയ തുകക്ക് കൈപ്പറ്റ് രശീത് , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിച്ചില്ല.

2016 – 17 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ. 184 / 17 |
| പ്രോജക്ടിന്റെ പേര് | ഐ.എ.വൈ വിഹിതം നല്കൽ (എസ്.സി) |
| വകയിരുത്തിയ തുക | 60000 രൂപ |
| ചെലവഴിച്ച തുക | 60000 രൂപ |
| ഫണ്ട് | എസ്.സി.പി |
| ട്രഷറി ബിൽ നമ്പർ , തുക | 8 / 07.03.2017 , 60000 രൂപ |
| ഭരണാനുമതി | 03.09.2016 ലെ 202 / 16 നമ്പർ തീരുമാനം |
| അംഗീകാരം നല്കിയത് | ശ്രീ.പ്രദീപ് കുമാർ .എം , എക്സ്റ്റൻഷൻ ഓഫീസർ ഹൗസിങ് , 28.09.2016 തിയ്യതിയിലെ kkd/kdl/H/28/16-17 നമ്പർ ഉത്തരവ് പ്രകാരം. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ.അബ്ദുൾ മുഖ്താർ കെ.എം , അസിസ്റ്റന്റ് സെക്രട്ടറി , കടലുണ്ടി ഗ്രാമപഞ്ചായത്ത്. |

കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് ഫറോക്ക് സബ്ട്രഷറിയിലുള്ള 799011400001203 നമ്പർ ടി.എസ്.ബി അക്കൗണ്ടിലേക്കാണ് തുക കൈമാറിയത്. എന്നാൽ ഈ തുകക്ക് കൈപ്പറ്റ് രശീത് , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിച്ചിട്ടില്ല. അപാകത വിശദീകരിക്കേണ്ടതാണ്. 60000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-4 എസ്. സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് - പദ്ധതി നടപ്പാക്കിയതിലെ അപാകത

2016 – 17 വർഷത്തിൽ എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നല്കുന്ന പദ്ധതി , അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയിട്ടുണ്ട് . പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 176 / 17 |
| പ്രോജക്ടിന്റെ പേര് | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്. |
| വകയിരുത്തിയ തുക | 498000 രൂപ |

| | |
|---|---|
| ചെലവഴിച്ച തുക | 489800 രൂപ |
| ഫണ്ട് | എസ്.സി.പി |
| ട്രഷറി ബിൽ നമ്പർ / തിയ്യതി . തുക | 6 / 28.02.2017 , 489800 രൂപ |
| ഭരണാനുമതി | 10 / 2017 (1) തിയ്യതി 27.01.2017 |
| അംഗീകാരം നല്കിയത് | ശ്രീമതി. ബിന്ദു SCDO , കോഴിക്കോട് .<br>24.09.2016 ലെ 5/scp/kdly/laptop/16-17 നമ്പർ ഉത്തരവ് പ്രകാരം. |
| ലാപ് ടോപ്പ് വിതരണം ചെയ്തഏജൻസി | Bizarre power solutions , മലാപറമ്പ് , കോഴിക്കോട്. |
| വിതരണം ചെയ്ത ലാപ് ടോപ്പുകളുടെ എണ്ണം | 20 |
| ഇൻവോയ്സ് നമ്പർ / തിയ്യതി | 244 / 27.02.2017 |
| ഇൻവോയ്സ് തുക ( 5 % VAT അടക്കം ) | 489800 രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ.അബ്ദുൾമുഖ്താർ.കെ.എം, അസി.സെക്രട്ടറി. |

ലാപ് ടോപ്പുകൾ കൈപ്പറ്റിയ ചില വിദ്യാർത്ഥികളെ സംബന്ധിച്ച വിവരങ്ങൾ താഴെപ്പറയുന്നു.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | സ്ഥാപനം |
|---|---|---|---|
| 1. | അതുൽ കെ.പി , കുടിൽ പുരക്കൽ , കാൽവരി ഹിൽസ് , കടലുണ്ടി | C – Tech Diploma course | Image creative Education Pvt. Ltd |
| 2. | അരുണിമ.കെ കൊടക്കാടൻ ഹൗസ്, പാറ്റിയിൽ , കടലുണ്ടി | HDC and BM course | ഇ.എം.എസ് മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ട്രെയിനിങ് കോളേജ് , കോഴിക്കോട്. |
| 3. | ആഷിത്ത്.പി , വേലി വളപ്പിൽ , മണ്ണൂർ | ഗ്രാഫിക് ഡിസൈൻ | ഗവ.ഐ.ടി.ഐ , മാളിക്കടവ് |
| 4. | നിഖിൽന.എം , മാങ്കുറ്റി പ്പാടം ,മണ്ണൂർ | ഇന്റീരിയർ ഡിസൈൻ ആൻഡ് ഡെക്കറേഷൻ | ഗവ.ഐ.ടി.ഐ മാളിക്കടവ് |
| 5. | ആതിര.വി , പീടികത്തറയിൽ , കൈതവളപ്പ് , കടലുണ്ടി | HDC and BM course | ഇ.എം.എസ് മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ട്രെയിനിങ് കോളേജ് , കോഴിക്കോട്. |

| | | | |
|---|---|---|---|
| | | | |
| 6. | സനില .വി , വടക്കുമ്പാടൻ , കുമ്മിൽ വീട് | DMLT | അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാ മെഡിക്കൽ സയൻസ് , താഴെ ചേളാരി , മലപ്പുറം |
| 7. | നീതു .കെ.പി, മാറാപ്പള്ളി , മണ്ണൂർ | എം.എ ഇംഗ്ലീഷ് | മലബാർ ആർട്സ് ആൻഡ് സയൻസ് കോളേജ് .കല്പ്പറ്റ |

ഇവിടെ ക്രമ നമ്പർ 3 , 4 എന്നിവയിലെ വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റ് കോഴ്സുകൾക്കാണ് പഠിക്കുന്നത് . ബാക്കിയുള്ളവർ സ്വകാര്യ / പാരലൽ സ്ഥാപനങ്ങളിലാണ് പഠിക്കുന്നത്. ഇവർ പഠിക്കുന്ന കോഴ്സുകൾ , ബിരുദ / ബിരുദാനന്തര / ഡിപ്ലോമ കോഴ്സുകൾക്ക് തുല്യമായി കേരള സർക്കാർ അംഗീകരിച്ചിട്ടുണ്ടോ എന്നതും വ്യക്തമല്ല. 11.01.2016 ലെ സ.ഉ.(എം.എസ്) നം.4 / 2016 / തസ്വഭവ അനുബന്ധം 15 ഖണ്ഡിക 6.8 ഇനം 6 , 17.08.2016 ലെ സ.ഉ.(സാധാ)2464 / 2016 / തസ്വഭവ എന്നിവ പ്രകാരം ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് പ്രൊഫഷനൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾ , ബിരുദ / പോളിടെക്നിക്ക് വിദ്യാർത്ഥികളായ പട്ടികജാതി വിഭാഗക്കാർ എന്നിവർക്ക് മാത്രമേ ലാപ് ടോപ്പുകൾ വാങ്ങി നല്കാവൂ.

ഐ.ടി.ഐ വിദ്യാർത്ഥികൾക്കും , സ്വകാര്യ പാരലൽ കോളേജുകളിലെ വിദ്യാർത്ഥികൾക്കും ലാപ് ടോപ്പുകൾ വാങ്ങി നല്കുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് , സർക്കാരിന്റെപ്രത്യേകാനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് എന്നിവയുടെ പകർപ്പുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. 171430 രൂപയുടെ ചെലവ് ( 24490 x 7 ) ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-5 തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് - സംയുക്ത പരിശോധന നടത്തുന്നില്ല

കടലുണ്ടി പഞ്ചായത്തിൽ നിന്നും തനത്ഫണ്ട് ഉപയോഗിച്ച് 2016-17 സമ്പത്തിക വർഷം അടച്ച തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | തനത് ഫണ്ട് വൗച്ചർ നമ്പർ | തുക (രൂ) | റിമാർക്സ് |
|---|---|---|---|
| 1. | 21600050 / 16.04.2016 | 48310 | 3/16 മാസത്തെ വൈദ്യുത ചാർജ്ജ് |
| 2. | 21600147 / 13.05.16 | 48278 | 4/16 “ “ |
| 3. | 21600219 / 17.6.16 | 48278 | 5/16 “ “ |

| | | | |
|---|---|---|---|
| 4. | 21600306 / 15.07.16 | 48278 | 6/16 “ “ |
| 5. | 21600382 / 19.08.16 | 48294 | 7/16 “ “ |
| 6. | 21600478 / 22.09.16 | 48326 | 8/16 “ “ |
| 7. | 21600543 / 17.10.16 | 48278 | 9/16 “ “ |
| 8. | 21600632 / 15.11.16 | 48278 | 10/16 “ “ |
| 9. | 21600788 / 05.01.17 | 48349 | 11/16 “ “ |
| 10. | 21600839 / 20.01.17 | 48386 | 12/16 “ “ |
| 11. | 21600978 / 09.03.17 | 96772 | 1/17 , 2/17 “ “ |

2016 -17 വർഷത്തിൽ കെ.എസ്.ഇ.ബി അധികൃതരുമായി ചേർന്ന് തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയതിന്റെ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കുവാൻ നിർദ്ദേശിക്കുന്നു. സംയുക്ത പരിശോധന നടത്തി യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുവാൻ നിർദ്ദേശിക്കുന്നു. 579827 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## **3-6** <u>തെരുവ് ടാപ്പുകളുടെ വെള്ളക്കരം - ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തുന്നില്ല</u>

2016 – 17 വർഷത്തിൽ തനത് ഫണ്ട് ഉപയോഗിച്ച് തെരുവ് ടാപ്പുകളുടെ വെള്ളക്കരം അടച്ചതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | തനത് ഫണ്ട് വൗച്ചർ നമ്പർ | വെള്ളക്കരം അടച്ച തുക (രൂ) | റിമാർക്സ് |
|---|---|---|---|
| 1. | 21600085/21.4.16 | 26250 | 4/16 മാസത്തെ വെള്ളക്കരം |
| 2. | 21600186/1.6.16 | 26250 | 5/16 മാസത്തെ വെള്ളക്കരം |
| 3. | 21600242/25.6.16 | 26250 | 6/16 മാസത്തെ വെള്ളക്കരം |
| 4. | 21600316/28.7.16 | 26250 | 7/16 മാസത്തെ വെള്ളക്കരം |

| | | | |
|---|---|---|---|
| 5. | 21600398/27.8.16 | 26250 | 8/16 മാസത്തെ വെള്ളക്കരം |
| 6. | 21600480/22.9.16 | 26250 | 9/16 മാസത്തെ വെള്ളക്കരം |
| 7. | 21600559/27.10.16 | 26250 | 10/16 മാസത്തെ വെള്ളക്കരം |
| 8. | 21600658/30.11.16 | 26250 | 11/16 മാസത്തെ വെള്ളക്കരം |
| 9. | 21600768/24.12.16 | 26250 | 12/16 മാസത്തെ വെള്ളക്കരം |
| 10. | 21600823/17.1.17 | 26250 | 1/17 മാസത്തെ വെള്ളക്കരം |
| 11. | 21600937/28.2.17 | 26250 | 2/17 മാസത്തെ വെള്ളക്കരം |
| 12. | 21601038/16.3.17 | 26250 | 3/17 മാസത്തെ വെള്ളക്കരം |

2016 -17 വർഷത്തിൽ വാട്ടർ അതോറിറ്റി അധികൃതരുമായി ചേർന്ന് പഞ്ചായത്തിലെ തെരുവ് ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയതായി കാണുന്നില്ല.പ്രവർത്തിക്കുന്ന തെരുവ് ടാപ്പുകളുടെ എണ്ണം ഉറപ്പ് വരുത്തി, അടക്കുന്ന വെള്ളക്കരത്തിന്റെ സാധുത ഉറപ്പ് വരുത്താതെയാണ് ഈ ഇനത്തിൽ പഞ്ചായത്തിൽ നിന്നും തുക ചെലവഴിച്ചത്. അപാകത വിശദീകരിക്കേണ്ടതാണ്. 315000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-7 എസ്.സി യുവതി യുവാക്കൾക്ക് പ്രീ - റിക്രൂട്ട്മെന്റ് ട്രെയിനിങ് - പ്രോജക്ട് നടപ്പാക്കിയതിലെ അപാകത

മേൽ പരാമർശിച്ച പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ.186 /17 |
| വകയിരുത്തിയ തുക | 216000 രൂപ |
| ചെലവഴിച്ച തുക | 132000 രൂപ |
| ഫണ്ട് | എസ്.സി.പി |
| ട്രഷറി ബിൽ നമ്പർ / തിയ്യതി , തുക | 5 / 23.02.2017 , 132000 രൂപ |
| ഭരണാനുമതി | 10 / 2017 (1) / 27.01.2017 |
| അംഗീകാരം നല്കിയത് | ശ്രീമതി.ബിന്ദു,എസ്.സി.ഡി.ഒ 14/scp/Kdly/ Pre recruitment / 16 -17 പ്രകാരം |
| തുക കൈപ്പറ്റിയത് | PRTC , സിവിൽ സ്റ്റേഷൻ പി.ഒ , കോഴിക്കോട് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ.അബ്ദുൾമുഖ്താതർ.കെ.എം അസി.സെക്രട്ടറി. |

11 പേർക്ക് പരിശീലനം നല്കുന്നതിന് 12000 രൂപ വീതമാണ് ചെലവഴിച്ചത് . പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.

1. 132000 രൂപ PRTC കോഴിക്കോട് എന്ന സ്ഥാപനം കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രേഖ പരിശോധനക്ക് ലഭിച്ചിട്ടില്ല..

2. 11 വിദ്യാർത്ഥികൾ മേൽ പരാമർശിച്ച സ്ഥാപനത്തിൽ നിന്നും പ്രസക്ത കാലയളവിൽ പരിശീലനം നേടിയിരുന്നു എന്നു തെളിയിക്കുന്ന സ്ഥാപനത്തിന്റ രേഖകളുടെ പകർപ്പുകൾ പരിശോധനക്ക് ലഭിച്ചിട്ടില്ല.

3. മേൽ പരാമർശിച്ച പരിശീലനാർത്ഥികളിൽ ഒരാളായ അരുണിമ .കെ , കൊടക്കാടൻ ഹൗസ് എന്നയാൾ ഇതേ കാലയളവിൽ HDC and BM കോഴ്സിന് പഠിക്കുന്ന പേരിൽ ലാപ് ടോപ്പ് കൈപ്പറ്റിയതായും കാണുന്നു.

അപാകതകൾ വിശദീകരിക്കേണ്ടതാണ്. 132000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-8 കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ്ജ് തനത് ഫണ്ടിൽ നിന്നും അടക്കുന്നു

കടലുണ്ടി പഞ്ചായത്തിൽ 2016 – 17 സാമ്പത്തിക വർഷം തനത് ഫണ്ടിൽ നിന്നും പഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ വൈദ്യുത ചാർജ്ജ് അടച്ചതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | തനത് ഫണ്ട് വൗച്ചർ നമ്പർ | അടച്ച വൈദ്യുത ചാർജ്ജ് | റിമാർക്സ് |
|---|---|---|---|
| 1. | 21600451/ 08.09.2016 | 29830 രൂപ | 9 കുടിവെള്ള പദ്ധതികളുടെ 7/16 , 8/16 മാസങ്ങളിലെ വൈദ്യുത ചാർജ്ജ് |
| 2. | 21600277/ 11.07.2016 | 16329 രൂപ | 14 കുടിവെള്ള പദ്ധതികളുടെ 5/16 മാസത്തെ വൈദ്യുത ചാർജ്ജ് |
| 3. | 21600155/ 13.05.2016 | 21042 രൂപ | 14 കുടിവെള്ള പദ്ധതികളുടെ 4/16 മാസത്തെ വൈദ്യുതചാർജ്ജ് |
| 4. | 21600049/ 16.04.2016 | 24798 രൂപ | 15 കുടിവെള്ള പദ്ധതികളുടെ 3/16 മാസത്തെ വൈദ്യുത ചാർജ്ജ് |
| 5. | 21600019/ 6.4.16 | 22651 രൂപ | 15 കുടിവെള്ള പദ്ധതികളുടെ 2/16 മാസത്തെ വൈദ്യുത ചാർജ്ജ്. |

വികേന്ദ്രീകൃത ആസൂത്രണ സംവിധാനത്തിന്റെ ഭാഗമായി ഗുണഭോക്താക്കളുടെ സഹായത്തോടെ നടപ്പാക്കിയ കുടിവെള്ള പദ്ധതികളുടെ വൈദ്യുത ചാർജ്ജ് അതാത് ഗുണഭോക്തൃ ഗ്രൂപ്പുകളാണ് വഹിക്കേണ്ടതെന്ന് 30.05.2009 ലെ സ.ഉ.(സാധാ)1275/2009/തസ്വഭവ പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതാണ്. അപ്രകാരം ചെയ്യാതിരുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

## 3-9 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി - ഗുണഭോക്താക്കൾക്ക് കെട്ടിട നിർമ്മാണ അനുമതി ലഭിച്ചിട്ടില്ല

2016 -17 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ മേൽ പ്രോജക്ടിന്റെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ. 177 /17 |
| പ്രോജക്ടിന്റെ പേര് | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി |
| വകയിരുത്തിയ തുക | 6 ലക്ഷം രൂപ |
| ചെലവഴിച്ച തുക | 270000 രൂപ |

| | |
|---|---|
| ഫണ്ട് | എസ്.സി.പി |
| ട്രഷറി ബിൽ നമ്പർ / തിയ്യതി ,തുക | 9/ 7.3.17 , 50000 രൂ<br>14/29.3.17, 10000 രൂ<br>15/29.3.17 , 120000 രൂ<br>27/30.3.17 , 90000 രൂ |
| ഭരണാനുമതി | 202/16 തിയ്യതി 3.9.2016 |
| അംഗീകാരം നല്കിയത് | ശ്രീമതി അനിത.ടി.കെ എസ്.സി.ഡി.ഒ ,കോഴിക്കോട് . 24.09.2016 ലെ 7/scp/Kdly/SRM/16-17 ഉത്തരവ് പ്രകാരം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ.അബ്ദുൾ മുഖ്താർ കെ.എം അസി.സെക്രട്ടറി |

പ്രോജക്ട് പ്രകാരം ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുടേയും കൈപ്പറ്റിയ തുകകളുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | കൈപ്പറ്റിയ തുക (രൂ) / തിയ്യതി |
|---|---|---|
| 1. | ലിയ ബിനോഷ് | 10000 (28.02.2017) , 30000 (30.03.2017) |
| 2. | സന്ധ്യ ബാബുരാജ് | 10000 (28.02.2017) |
| 3. | അശ്വിൻ അശോകൻ | 10000 (28.02.2017),60000 (30.03.2017) |
| 4. | അമൽ.കെ | 10000 ( 28.02.2017), 60000 (31.03.2017) |
| 5. | അമൽരാജ് | 10000 ( 28.02.2017) , 60000 (30.03.2017) |
| 6. | വൈഷ്ണവ് | 10000 (30.03.2017) |

എന്നാൽ ഗുണഭോക്താക്കൾ ഒന്നും തന്നെ പഠനമുറി നിർമ്മാണത്തിന് 2011ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, ചട്ടം 4(2) പ്രകാരമുള്ള കെട്ടിടനിർമ്മാണ അനുമതി ലഭ്യമാക്കിയതായി കാണുന്നില്ല.അപാകത ശ്രദ്ധയിൽ പെടുത്തുന്നു.

## 3-10 കന്നുകുട്ടി പരിപാലന പദ്ധതി - കൈമാറിയ തുകക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല

വെറ്ററിനറി സർജ്ജൻ 2016 -17 വർഷത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ട് പ്രകാരം 337500 രൂപ കന്നുകുട്ടി പരിപാലന പദ്ധതിക്കുവേണ്ടി കൈമാറിയിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 162 /17 |
| പ്രോജക്ടിന്റെ പേര് | കന്നുകുട്ടി പരിപാലന പദ്ധതി |
| വകയിരുത്തിയ തുക | 350000 രൂപ |

| | |
|---|---|
| ചെലവഴിച്ച തുക | 337500 രൂപ |
| ട്രഷറി ബിൽ നമ്പർ / തിയ്യതി , തുക | പി8 / 16-17 തിയ്യതി 29.3.17 , 337500 രൂ. |
| ഫണ്ട് | വികസന ഫണ്ട് - പൊതുവിഭാഗം - സാധാരണ വിഹിതം |
| ഭരണാനുമതി | 26/17(1) / 17.02.2017 |
| അംഗീകാരം നല്കിയത് | ഡോ.ഷിഹാബുദ്ദീൻ .പി.കെ , സീനിയർ വെറ്റിറിനറി സർജ്ജൻ. 14.03.2017 തിയ്യതിയിലെ apo 20 / 16-17 നമ്പർ ഉത്തരവ് പ്രകാരം. |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഡോ.നായർ.ശ്രീഗീത ശ്രീധര. |

അസിസ്റ്റന്റ് ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി സ്കീം കോഴിക്കോട് , എന്ന ഉദ്യോഗസ്ഥന് കോഴിക്കോട് ജില്ലാ ട്രഷറിയിലുള്ള 716011400000033 നമ്പർ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേക്കാണ് തുക കൈമാറിയിട്ടുള്ളത് . കൈമാറിയ തുകക്ക് കൈപ്പറ്റ് രശീത് ലഭിച്ചിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

അപാകത ശ്രദ്ധയിൽ പെടുത്തുന്നു. 337500 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-11 മത്സ്യ തൊഴിലാളികൾക്ക് ഗിൽനെറ്റ് - ഗുണഭോക്തൃവിഹിതം വാങ്ങിയിട്ടും വല നൽകാനായില്ല.

പ്രോജക്ട് നം-160/17

അടങ്കൽ -18,000/-(വികസന ഫണ്ട് -ജനറൽ)

ചെലവ് -18,000/-(വികസന ഫണ്ട് -ജനറൽ)

നിർവഹണ ഉദ്യോഗസ്ഥൻ- സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

ബിൽ നം -4/16-17 തീയതി-31.03.2017

മേൽ പ്രോജക്ട് പ്രകാരം സമുദ്രമേഖലയിലെ മത്സ്യതൊഴിലാളികൾക്ക് ഗിൽനെറ്റ് അനുവദിക്കുന്നതിനായി 12 ഗുണഭോക്താക്കൾ 3000/- രൂപ വീതം ഗുണഭോക്തൃവിഹിതം അടച്ചിട്ടുണ്ട്. എന്നാൽ മുൻഗണന മാനദണ്ഡങ്ങൾ മറികടന്ന് 6 പേർക്കാണ് ഗിൽനെറ്റ് അനുവദിച്ചിരിക്കുന്നത്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | ഗുണഭോക്തൃ ലിസ്റ്റിലെ മാർക്ക് | ഗുണഭോക്തൃ വിഹിതം അടച്ച രശീതി |
|---|---|---|---|
| 1 | സറഫുദ്ദീൻ,ചെറുപുരക്കൽ | 120 | 785/2,dt-16.03.2017 |
| 2 | സലാം,ചെറുപുരക്കൽ | 120 | 785/3,dt-16.03.2017 |
| 3 | ബഷീർ,വടക്കത്ത്(സൈതാലി) | 100 | 785/5,dt-16.03.2017 |
| 4 | അബ്ദുൾ സലാം | 95 | 785/7,dt-16.03.2017 |
| 5 | അബ്ദുൾ നാസർ | 95 | |
| 6 | ബഷീർ,വടക്കത്ത്(മൊയ്തീൻ കോയ) | 75 | |
| 7 | അബ്ബാസ്,പാലക്കൽ | 70 | 785/4,dt-16.03.2017 |
| 8 | സുബൈർ,പാലക്കൽ | 70 | |

| | | | |
|---|---|---|---|
| 9 | ഹസൻ കോയ,വെമ്പറമ്പിൽ | 65 | 785/6,dt-16.03.2017 |
| 10 | അബ്ദുൾ റസാഖ്,കൊക്കാട്ടക്കാടത്ത് | 50 | |
| 11 | മുഹമ്മദ്,ആനപ്പുറം | 50 | |
| 12 | കോയമോൻ ടി കെ | 50 | |

ഇതിൽ 5,6,8,10,11,12 എന്നിവർക്കാണ് ഗിൽനെറ്റ് അനുവദിച്ചിട്ടുള്ളത്. 12 പേരിൽ നിന്നും ഗുണഭോക്തൃ വിഹിതം വാങ്ങിയിട്ടും ആറ് പേർക്ക് മാത്രം മുൻഗണനാക്രമത്തിലല്ലാതെ ഗിൽനെറ്റ് അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല. മേൽ കാണിച്ച 6 പേരുടെ ഗുണഭോക്തൃവിഹിതം 18,000/- രൂപ പഞ്ചായത്ത് അക്കൗണ്ടിൽ ഉണ്ട്. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

## 3-12 അന്യസംസ്ഥാന തൊഴിലാളികൾക്ക് ബോധവത്കരണം - മാർഗരേഖക്ക് വിരുദ്ധം

പ്രോജക്ട് നം-131/17

അടങ്കൽ -1,00,000/- (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് -42,200/- (ധനകാര്യ കമ്മീഷൻ അവാർഡ്)

നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ പി. എ.ച്. സി

ബിൽ നം -7/16-17 തീയതി-31.03.2017

മേൽ പ്രോജക്ട് പ്രകാരം 12,150/- രൂപ അന്യസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ ബോധവത്കരണത്തിനായി ഉപയോഗിച്ചിട്ടുണ്ട്. സ. ഉ നം. 4/16/തസ്വഭവ, തീയതി-11.01.2016, ഖണ്ഡിക 11.7.7പ്രകാരം ബോധവത്കരണങ്ങൾ വികസനഫണ്ടുപയോഗിച്ച് നടത്താൻ പാടില്ലാത്തതാണ്.ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വൗച്ചർ നം | ഉപയോഗിച്ചത് | തുക |
|---|---|---|---|
| 1 | 37/16-17 ,23.03.2017 | ഫോട്ടോ ബിൽ | 300 |
| 2 | 38/16-17 ,23.03.2017 | ഹോണറേറിയം | 1000 |
| 3 | 39/16-17 ,23.03.2017 | വാഹന വാടക | 1000 |
| 4 | 40/16-17 ,23.03.2017 | റിഫ്രഷ്മെന്റ് | 650 |
| 5 | 41/16-17 ,23.03.2017 | ഭക്ഷണം | 8500 |
| 6 | 42/16-17 ,23.03.2017 | സ്റ്റേഷണറി | 200 |
| 7 | 43/16-17 ,23.03.2017 | വൈസ്റ്റ് ഡിസ്പോസൽ | 500 |

മാർഗരേഖ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവുചെയ്തതിന് അടിസ്ഥാനമാക്കിയ അനുമതി വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-13 പെയിൻ ആന്റ് പാലിയേറ്റീവ് പരിശീലനം - അധികം തുക വിനിയോഗിച്ചു.

പ്രോജക്ട് നം -130/17

അടങ്കൽ -6,91,168/-(വികസന ഫണ്ട്-ജനറൽ)

ചെലവ് -6,91,168/-(വികസന ഫണ്ട്-ജനറൽ)

നിർവഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ പി. എച്ച്. സി

ബിൽ നം -6/16-17 തീയതി-31.03.2017

മേൽ പ്രോജക്റ്റ് പ്രകാരം 12,650/-രൂപ പെയിൻ ആന്റ് പാലിയേറ്റിവ് പരിശീലന പരിപാടികൾക്കായി വിനിയോഗിച്ചിട്ടുണ്ട്. പാലിയേറ്റിവ് മാർഗരേഖ ജി ഒ(ആർടി)3217/2015/തസ്വഭവ തീയതി- 29.10.2015 ഖണ്ഡിക 2.6.14 പ്രകാരം സന്നദ്ധ പ്രവർത്തകർക്കും പുതിയ ടീമംഗങ്ങൾക്കും വർഷത്തിൽ ഒരിക്കൽ ഏകദിന പരിശീലനം നൽകാവുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്ന ഒരാൾക്ക് പരമാവധി 60 രൂപ ഭക്ഷണ ചെലവുകൾക്കായും കൂടാതെ മറ്റ് ചെലവുകൾക്കായി പരമാവധി 2000/- രൂപയും ചെലവഴിക്കാവുന്നതാണ്.

പരിശീലനത്തിൽ പങ്കെടുത്തത് 120 പേരാണ്. ആയതിനാൽ പരമാവധി ചെലവഴിക്കാവുന്നത് 9,200/- രൂപയാണ്. തുക അധികമായി ചെലവഴിച്ചതിന് വിശദീകരണം നൽകാനാലശ്യപ്പെട്ട്നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്. അതിനനുസൃതമായി തുടർ നടപടി സ്വീകരിക്കുന്നതാണ്.

## 3-14 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്നുകൾ ലഭിച്ചിട്ടില്ല.

പ്രോജക്റ്റ് നം -168/17

അടങ്കൽ -3,32,852/-(മെയിന്റനൻസ് ഫണ്ട് -റോഡിതരം)

ചെലവ് -3,32,852/-(മെയിന്റനൻസ് ഫണ്ട് -റോഡിതരം)

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ- ഹോമിയോ

ബിൽ നം -4/16-17 തീയതി-27.02.2017

മേൽ പ്രോജക്റ്റ് പ്രകാരം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി ഫണ്ട് ആലപ്പുഴയിലെ കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റിവ് സൊസൈറ്റിക്ക് കൈമാറിയിട്ടുണ്ട്. 1,50,000/- രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചത്.ഓഡിറ്റ് തീയതി വരെ 1,82,852/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല.

പ്രോജക്റ്റ് നം -169/17

അടങ്കൽ -1,00,000/-(മെയിന്റനൻസ് ഫണ്ട് -റോഡിതരം)

ചെലവ് -1,00,000/-(മെയിന്റനൻസ് ഫണ്ട് -റോഡിതരം)

നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ- ഹോമിയോ

ബിൽ നം -2/16-17 തീയതി -19.13.2016

മേൽ പ്രോജക്റ്റ് പ്രകാരം എൻ.എച്ച്.എം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി ആലപ്പുഴയിലെ കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റിവ് സൊസൈറ്റിക്ക്ഫണ്ട് കൈമാറിയിട്ടുണ്ട്. ഓഡിറ്റ് തീയതി വരെ 59,117/-രൂപയുടെ മരുന്നാണ് ലഭിച്ചത്. 40,883/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല.

ഡിസ്പെൻസറികൾക്ക് എത്രയും പെട്ടന്ന് മരുന്ന് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 പി എച്ച് സി-സൗകര്യ വികസനം-അപാകതകൾ

പ്രോജക്റ്റ് നം -132/17

അടങ്കൽ -90,000/-(മെയിന്റൻസ് ഫണ്ട്-റോഡിതരം)

ചെലവ് -84,698/-(മെയിന്റൻസ് ഫണ്ട്-റോഡിതരം)

നിർവഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ പി എച്ച് സി

ബിൽ നം -5/16-17 തീയതി-31.03.2017

മേൽ പ്രോജക്ട് പ്രകാരം പി. എച്ച്. സി യുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി കമ്പ്യൂട്ടർ ,പ്രിന്റർ, ഫോട്ടോ കോപ്പി മെഷിൻ മുതലായവ ടെണ്ടർ വിളിച്ച് വാങ്ങിയിട്ടുണ്ട്. ഫോട്ടോ കോപ്പിയർ വാങ്ങിയത് കോഴിക്കോടുള്ള എക്സൽ ബിസിനസ് സിസ്റ്റം എന്ന സ്ഥാപനത്തിൽ നിന്നും, കമ്പ്യൂട്ടർ, പ്രിന്റർ മുതലായവ വാങ്ങിയത് പെരിന്തൽമണ്ണയിലെ കാൻഡിഡ് സിസ്റ്റം ആന്റ് ടെക്നോളജീസ് എന്ന സ്ഥാപനത്തിൽ നിന്നമാണ്. ഈ സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ കൈപറ്റി സ്റ്റോക്കിൽ എടുത്തിട്ടില്ല. കാൻഡിഡ് സിസ്റ്റം ആന്റ് ടെക്നോളജീസിന്റെ അക്കൗണ്ടിലേക്ക് കൈമാറിയ തുകക്ക് രശീതി ലഭിച്ചിട്ടുമില്ല. ഇക്കാര്യങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-16 കാവുകളുടെ സംരക്ഷണം- ചെലവുവിവരങ്ങൾ ലഭ്യമാക്കിയില്ല

ജില്ലാ പട്ടികജാതി വികസനവകുപ്പുഡയറക്ടറുടെ 26.10.16 ലെ D5-6971/14നമ്പർ ഉത്തരവനുസരിച്ച് പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ അധീനതയിലുള്ള പരമ്പരാഗതമായി ആരാധന നടത്തിവരുന്നതുമായ ക്ഷേത്രങ്ങൾ /കാവുകൾ സംരക്ഷിയ്ക്കുന്നതിനും പുനരുദ്ധരിയ്ക്കുന്നതിനുമുള്ള പദ്ധതി പ്രകാരം ഓഡിറ്റുവർഷം 961817 രൂപ പട്ടികജാതി വികസനവകുപ്പിൽ നിന്നും പഞ്ചായത്തിന് ലഭ്യമായിട്ടുണ്ട്. പഞ്ചായത്തുപ്രദേശത്തുള്ള പഴഞ്ഞന്നൂർ, കട്ടകുഴിത്തുറ, സൂത്രക്കുളങ്ങര എന്നീ ക്ഷേത്രങ്ങൾക്കും തറയിൽ ചെമ്പ്രക്കാവ് പുനരുദ്ധരിയ്ക്കുന്നതിനുമായിരുന്നു തുക അനുവദിച്ചത്. തുക അനുവദിച്ചതുമായി ബന്ധപ്പെട്ട ഉത്തരവിൽ പുനരുദ്ധാരണപ്രവൃത്തികൾ എസ്റ്റിമേറ്റ് തുകയിൽ കവിയാതെ 2016-17സാമ്പത്തികവർഷം തന്നെ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. സൂത്രക്കുളങ്ങര ക്ഷേത്രം, തറയിൽ ചെമ്പ്രക്കാവ് എന്നിവയുടെ പുനരുദ്ധാരണപ്രവൃത്തികൾക്കായി 131256 രൂപ ഓഡിറ്റു വർഷം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വിനിയോഗസാക്ഷ്യപത്രം,ചെലവിന്റെ മറ്റു വിവരങ്ങൾ, അളവുപുസ്തകം എന്നിവ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടിയിനത്തിൽ ചെലവഴിച്ച 131256 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 3/17 | 21373 | കാർഷിക കർമ്മസേന ഉപകരണങ്ങൾ | 21373 | ----- |
| ബ്ലോക്ക് പഞ്ചായത്ത് | 3/17 | 200000 | പുലയൻ കടവ് ശ്മശാനം | 200000 | |
| ബ്ലോക്ക് പഞ്ചായത്ത് | 3/17<br>3/17<br>3/17 | 500000<br>300000<br>200000 | പെരിങ്ങോട്ടുകുന്നു ശ്മശാനം<br>അംഗൻവാടി<br>സമഗ്രവികസനം | 387928<br>---<br>---- | 112062<br>300000<br>200000 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| ജില്ലാ പഞ്ചായത്ത് | 3/17 | 30000 | നെല്ല് ഇൻസെന്റീവ് | ------ | 612062 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

സാമ്പത്തികവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ നൽകിയതിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ നല്കാത്തതിന്റെ വിശദാംശങ്ങൾ

| ക്രമനം | കൺവിനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽനം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| | | തറയിൽ ചെമ്പ്രക്കാവ് പുനരുദ്ധാരണം | --- | 100000 | ---- | -------- |
| | | സൂത്രക്കുളങ്ങര ശ്രീഗുരുപുരം ക്ഷേത്രംപുനരുദ്ധാരണം | ---- | 31250 | ------ | - |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | 479/2010 തി.11.2.2010 | 6960000 | 2505342 | 606000 | 0 | 1899342 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3500 |
| തൻവർഷം നിക്ഷേപിച്ച തുക | ----- |
| ആകെ | 3500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ---- |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മുൻബാക്കി | 3500 |
| ആകെ | 3500 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2006-07 | 3-15,3-25(1),3-25(2) | 17734 | വേലായുധൻ.സി.എ | 11621400016 dt. 6.10.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം |
|---|---|---|
| 1999-00, 61(6) | 2003-04, 2 | പൊതു പരാമർശം - വ്യവസായ എസ്റ്റേറ്റ് പ്രയോജനപ്പെട്ടില്ല |
| 1999-00, 42 | 2003-04, 5(16) | മൈത്രീ ഭവന പദ്ധതി ഉത്തരവാദിത്വം നിറവേറ്റിയില്ല |
| 1999-00, 30,31 | 2003-04, 7(23) | നികുതി പിരിവിൽ അലംഭാവം |
| 2000-01, 7 | 2003-04 | പൊതു പരാമർശം - കോച്ചേരി മിനി കുടിവെള്ള പദ്ധതി |
| 1999-00, 35<br>47<br>53 | 2003-04 | 1. ചാലിയം കടവ് ലേലം.<br>2. എ.പി.റോഡ് കരുവൻതുരുത്തി കടവ് റോഡ്.<br>3. ഗുണഭോക്തൃ വിഹിതം ഈടാക്കിയില്ല. |
| 2009-10, 3-8 | 2011-12, 2.7(3) | വനിത വ്യവസായ കേന്ദ്രം വൻതുക ചെലവഴിച്ച് നിർമ്മിച്ചത് ഉപയോഗപ്പെടുത്തുന്നില്ല. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | :67139421 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | :64930747 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | :ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | :ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2145504 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 63024<br>330467 | ശ്രീ. സുമേഷ്.കെ,സെക്രട്ടറി |
| 3-2 | 25000 | ശ്രീ.കെ.എം.വേലായുധൻ, ഹെഡ്മാസ്റ്റർ |
| 3-3 | 60000 | ശ്രീ.അബ്ദുൾ മുക്തദിർ, അസി.സെക്രട്ടറി |
| 3-4 | 171430 | ശ്രീ.അബ്ദുൾ മുക്തദിർ, അസി.സെക്രട്ടറി |
| 3-5 | 574827 | ശ്രീ. സുമേഷ്.കെ,സെക്രട്ടറി |
| 3-6 | 315000 | ശ്രീ. സുമേഷ്.കെ,സെക്രട്ടറി |
| 3-7 | 132000 | ശ്രീ.അബ്ദുൾ മുക്തദിർ, അസി.സെക്രട്ടറി |
| 3-10 | 337500 | ഡോ.നായർ ശ്രീഗീത ശ്രീധര |
| 3-16 | 131256 | |
| | 21,40,504 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല.

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-93 & | എൽ.എഫ്.എസ്.2/1535/1995, 09.04.1999 | 7 |

| | | |
|---|---|---|
| 1993-94 | | |
| 1995-96 | എൽ.എഫ്.കെ.കെ.ഡി.പി.2/188/2011(7), 26.04.2011 | 2 |
| 1996-97 | എൽ.എഫ്.കെ.കെ.ഡി.പി.2/105/2012(1), 10.05.2012 | 1 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി.2/105/2012(2), 10.05.2012 | 5 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി.2/105/2012(3), 10.05.2012 | 7 |
| 2000-01 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.പി.2/514/2012, 14.11.2012 | 7 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി.2/514/2012(1), 14.11.2012 | 8 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി.2/514/2012(2), 14.11.2012 | 4 |
| 2001-02 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.എസ്.1/1079/2003, 01.01.2004 | 1 |
| 2002-03 (വരവ്) | എൽ.എഫ്.കെ.കെ.ഡി.പി.2/514/2012(6), 15.03.2013 | 11 |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി.പി.2/514/2012(5), 15.03.2013 | 1 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി.2/1709/2012, 06.04.2013 | 7 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി.2/1710/2012, 22.04.2013 | 8 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി.2/1711/2012, 11.06.2013 | 2 |

| | | |
|---|---|---|
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി.2/1130/2015, 29.10.2015 | 19 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി.2/184(2)/2015, 19.06.2015 | 23 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി.2/62/2015, 01.07.2013 | 11 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി.2/184(3)/2015, 19.06.2015 | 09 |
| 2010-11 & 2011-12 | എൽ.എഫ്.കെ.കെ.ഡി.പി.2/599/2015, 15.05.2015 | 13 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി.2/62/2015, 10.04.2015 | 14 |
| 2013-14,2014-15 | കെ.എസ്.എ.കെ.കെ.ഡി. പി.2/314/16 /13.5.2016 | 41 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി. പി.11/2076/16 | 25 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## **അനുബന്ധം - 1**

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.കെ.ഡി. പി.11/1635/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,

കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012
തീയതി-11.08.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

No. KSA.KKD/P 11/ 1635/2017

Kerala State Audit Department

District Audit Office, Kozhikode

Phone 0495 2371012
E-mail – dokkd.ksad@kerala.gov.in
Dated11.08.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kadalundi Grama Panchayat for the year ended on 31-3-2016 in Kozhikode District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Kadalundi Grama Panchayat for the year 2016-17 except this observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

District Audit Office, Kozhikode.